"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിനോദസഞ്ചാരം - കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനിൽ (കെ.ടി.ഡി.സി)- ആശ്രിതനിയമന പദ്ധതി- സീനിയർ ബിൽ ക്ലാർക്ക് തസ്തികയിൽ ജീവനക്കാരനായിരുന്ന പരേതനായ ശ്രീ. സ്വാമിനാഥ് .പി യുടെ മകൻ ശ്രീ. കണ്ണൻ ഉണ്ണി.ടി - നിയമനം നൽകുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (ബി) വകുപ്പ്**

**G.O.(Ms)No.6/2024/TSM** തീയതി,തിരുവനന്തപുരം, **18-03-2024**

---

പരാമർശം:-

1. **07.06.2007**-ലെ സ.ഉ.(പി) നം. **32/2007**/പ്ലാനിംഗ്
2. **05/06/2010** -ലെ സ.ഉ.(പി) നം. **28/2010**/പ്ലാനിംഗ്
3. **22.11.2018**-ലെ സ.ഉ.(പി) നം. **18/2018**/പ്ലാനിംഗ്.
4. **26/08/2023**-ലെ സ.ഉ.(പി) നം. **17/2023**/പ്ലാനിംഗ്.
5. കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനിൽ സീനിയർ ബിൽ ക്ലാർക്ക് തസ്തികയിൽ ജീവനക്കാരനായിരുന്ന പരേതനായ ശ്രീ. സ്വാമിനാഥ് .പി യുടെ മകൻ ശ്രീ കണ്ണൻ ഉണ്ണി ടി-യുടെ **24.05.2023**-ലെ അപേക്ഷ.
6. പാലക്കാട് ജില്ലാ കളക്ടറുടെ **01.11.2023**-ലെ **DCPKD/6906/2023-A3** നമ്പർ കത്ത്.
7. കെ.ടി.ഡി.സി. മാനേജിംഗ് ഡയറക്ടറുടെ **19.01.2024**-ലെ **KTDC/PA2/DH/Kannan Unni/2024** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനിൽ (കെ.ടി.ഡി.സി.) സീനിയർ ബിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവേ **13.05.2021** തീയതിയിൽ മരണപ്പെട്ട ശ്രീ. സ്വാമിനാഥ് .പി യുടെ മകൻ ശ്രീ. കണ്ണൻ ഉണ്ണി ടി-ക്ക് ആശ്രിതനിയമന പദ്ധതി പ്രകാരം കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിയമനം നൽകണമെന്ന് അഭ്യർത്ഥിച്ച് ടിയാൻ സമർപ്പിച്ച അപേക്ഷയും, പാലക്കാട് ജില്ലാ കളക്ടറുടെ പരിശോധന റിപ്പോർട്ടും, **22.12.2023**-ൽ ചേർന്ന കെ.ടി.ഡി.സി.യുടെ ബോർഡ് യോഗത്തിലെ **328/07** നമ്പർ തീരുമാനവും പ്രകാരം പരേതനായ ശ്രീ. സ്വാമിനാഥ് .പി

യുടെ മകൻ ശ്രീ. കണ്ണൻ ഉണ്ണി ടി-ക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം ടിയാളുടെ യോഗ്യതയ്ക്കനുസരിച്ച് കെ.ടി.ഡി.സി.യിൽ റിസെപ്ഷനിസ്റ്റ് തസ്തികയിലെ നിലവിലുള്ള ഒഴിവിലേയ്ക്ക് ₹ **22200-48000/-** രൂപ ശമ്പള സ്കെയിലിൽ ജോലി നൽകുന്നതിന് അനുമതിയ്ക്കായി , കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം **(7)** പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

**(2)** ശ്രീ കണ്ണൻ ഉണ്ണി ടി യുടെ അപേക്ഷ പരിശോധിച്ചതിൽ, ടിയാന്റെ അപേക്ഷ സർവ്വീസിലിരിക്കെ മരണമടയുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ ആശ്രിതർക്ക് നിയമനം നൽകുന്നതിനായി പുറപ്പെടുവിച്ച പരാമർശിത സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമാണ്.

**(3)** **01.07.1994**-ൽ സർവ്വീസിൽ പ്രവേശിച്ച്, **13.05.2021**-ൽ മരണപ്പെട്ട ശ്രീ സ്വാമിനാഥ് .പി-ക്കു **26** വർഷം **10** മാസം **13** ദിവസത്തെ സർവ്വീസുണ്ട്. ശ്രീ. കണ്ണൻ ഉണ്ണി ടി , പരേതനായ ശ്രീ. സ്വാമിനാഥ് .പിയുടെ നിയമാനുസൃത അവകാശികളിൽ ഒരാളാണെന്ന് ചിറ്റൂർ തഹസിൽദാർ അനന്തരാവകാശ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. കൂടാതെ അപേക്ഷകന് ജോലി നൽകുന്നതിന് തങ്ങൾക്ക് എതിർപ്പില്ലെന്ന് കാണിച്ചു അനന്തരാവകാശ സാക്ഷ്യപത്രത്തിലുൾപ്പെട്ട മറ്റെല്ലാ അവകാശികളും സമ്മതപത്രവും പരാമർശം(4) പ്രകാരമുള്ള സംരക്ഷണ സമ്മതമൊഴി അടങ്ങിയ സത്യവാങ്മൂലവും അപേക്ഷകൻ ലഭ്യമാക്കിയിട്ടുണ്ട്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ₹ **45,000/-** (നാൽപത്തി അയ്യായിരം രൂപ മാത്രം) ആണ്. അപേക്ഷകന്റെ ജനന തീയതി **30.10.2002** ആണ്. റിസെപ്ഷനിസ്റ്റ് തസ്തികയിൽ നിയമനത്തിന് അപേക്ഷിച്ചിട്ടുള്ള ശ്രീ. കണ്ണൻ ഉണ്ണി ടി, കളമശ്ശേരി ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും ഫ്രണ്ട് ഓഫീസ് ഓപ്പറേഷനിൽ ഡിപ്ലോമ കോഴ്സ് വിജയിച്ചിട്ടുണ്ട്.

**(6)** പരാമർശം **(1),(2),(3)** പ്രകാരമുള്ള ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി അപേക്ഷകന്റെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം, പൂർവ ചരിത്രം, ശാരീരികക്ഷമത എന്നിവ സംബന്ധിച്ചു നിയമനാധികാരിയുടെ പരിശോധനയ്ക്കും വിധേയമായി കെ.ടി.ഡി.സി.യുടെ സീനിയർ ബിൽ ക്ലാർക്ക് തസ്തികയിൽ ജീവനക്കാരനായിരുന്ന പരേതനായ ശ്രീ. സ്വാമിനാഥ് .പി യുടെ മകൻ പാലക്കാട്, കൊല്ലങ്കോട്, മാമ്പ്രപ്പാടം, രോഷിണി നിവാസിൽ ശ്രീ കണ്ണൻ ഉണ്ണി ടി-ക്കു ₹ **22200-**

**48000/-** രൂപ ശമ്പള സ്കെയിലിലുള്ള കെ.ടി.ഡി.സി.യിലെ റിസപ്ഷനിസ്റ്റ് തസ്തികയിലെ നിലവിലുള്ള ഒഴിവിലേയ്ക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(7) കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അപേക്ഷകനു ഔദ്യോഗിക നിയമന ഉത്തരവ് നൽകേണ്ടതും അപേക്ഷകന്റെ സീനിയോറിറ്റി അപേക്ഷകൻ നൽകിയ അപേക്ഷ പ്രകാരമായിരിക്കേണ്ടതുമാണ്. അപേക്ഷകന് ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നത് സംബന്ധിച്ച് എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും പരേതന്റെ സേവന പുസ്തകത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ ആയതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ പരാമർശിക്കുന്ന പ്രകാരം ചെയ്യേണ്ടതാണ്. അപേക്ഷകൻ സമർപ്പിച്ചിട്ടുള്ള പ്രായം, വിദ്യാഭ്യാസ യോഗ്യത തുടങ്ങിയ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസലുകൾ മാനേജിംഗ് ഡയറക്ടർ ടിയാന് നിയമനം നൽകുന്നതിന് മുമ്പായി പരിശോധിച്ച് അവയുടെ സാധുത ഉറപ്പു വരുത്തേണ്ടതാണ്. അപേക്ഷകന് നിയമനം നൽകിയതിന്റെ വിശദാംശങ്ങൾ പരേതനായ ജീവനക്കാരന്റെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആയത് സാക്ഷ്യപ്പെടുത്തേണ്ടുതുമാണ്. ഈ പദ്ധതി പ്രകാരം ജോലിയ്ക്ക് അപേക്ഷ സമർപ്പിച്ചപ്പോഴോ ഇക്കാര്യത്തിൽ സർക്കാർ അന്വേഷണം നടത്തിയപ്പോഴോ അപേക്ഷകൻ എന്തെങ്കിലും തെറ്റായ വിവരങ്ങൾ നൽകുകയോ എന്തെങ്കിലും വിവരം മറച്ചു വയ്ക്കുകയോ ചെയ്തിട്ടുണ്ടെന്ന് ഭാവിയിൽ ബോധ്യപ്പെട്ടാൽ ടിയാന്റെ നിയമനം റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**K BIJU I A S**
**SECRETARY**

ശ്രീ. കണ്ണൻ ഉണ്ണി ടി , രോഷ്നി നിവാസ് , മാമ്പ്രപ്പാടം ,കൊല്ലങ്കോട് പി.ഒ. പാലക്കാട്- **678506.**

ഡയറക്ടർ, ടൂറിസം ഡയറക്ടറേറ്റ്, പാർക്ക് വ്യൂ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ, കോർപ്പറേറ്റ് ഓഫീസ്, മസ്ക്കറ്റ് സ്ക്വയർ , തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഈ ) കേരളം, തിരുവനന്തപുരം.

ആസൂത്രണ സാമ്പത്തികകാര്യ (ബി.പി.ഇ) വകുപ്പ് ( **07.02.2024 തീയതിയിലെ PLGEA-BPE2/14/2023-PLGEA പ്രകാരം)**

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ./ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Archana T
Date: 18-03-2024 14:43:46
സെക്ഷൻ ഓഫീസർ

പകർപ്പ് :
വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്